(സി) ആശുപത്രിക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള കാര്യം പരിഗണിച്ച് ഇവിടെ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ പരിഗണിക്കേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റിൽ എടത്തല ഗ്രാമ പഞ്ചായത്തിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സ്ഥലം, കെട്ടിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറുള്ള പഞ്ചായത്തുകളെയാണ് പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. ഇതിൽ നിന്ന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും മുൻഗണനാക്രമവും പരിഗണിച്ച് ആശുപത്രികൾ അനുവദിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനം

142 [3536] ശ്രീ. ടി. എൻ. പ്രതാപൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, വർക്കല കഹാർ:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ എത്ര പേർ തൊഴിൽ രഹിതരാണ്; ഇവർക്ക് തൊഴിൽ നൽകുവാൻ എന്തെല്ലാം പരിപാടിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് കോഴ്സ് പാസ്സായവർക്ക് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവരേക്കാൾ മുൻഗണന നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവർക്കുള്ള മുൻഗണന നിലനിർത്തുമോ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) 23-1-1989-ലെ 24/89/ആകുവ. നം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പി. എസ്. സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തുന്നത്. 27-7-2004-ൽ ബന്ധപ്പെട്ട അസോസിയേഷനുകളുമായിട്ട് സർക്കാർ സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതു സംബന്ധിച്ചുള്ള ചർച്ച നടത്തുന്നതാണ്.

പിണറായി ഹെൽത്ത് സെന്റർ

143 [3537] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിണറായി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഔട്ട് പേഷ്യന്റായി രോഗികൾ എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔട്ട് പേഷ്യന്റായി രോഗികൾക്ക് പോലും ചികിത്സ ലഭ്യമല്ലാത്ത ഇപ്പോഴത്തെ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പിണറായി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് രോഗികൾക്കും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി എടുത്തുവരുന്നു.

കാസർഗോഡ് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

144 [3538] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ആകെ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 25 ഒഴിവുകളും ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 16 ഒഴിവുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly